"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: E2-19377/2024/PrHQ ; തീയതി : 02-07-2024

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 24.06.2024 തീയതിയിലെ ഉപ.സി.2/226/2020/ഉഭപവ നമ്പർ സർക്കുലർ, സ.ഉ.(കൈ) നം.11/2024/p&ARD നമ്പർ ഉത്തരവ് എന്നിവയുടെ പകർപ്പുകൾ അറിവിലേക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Preetha VS

പ്രീത വി എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: **എല്ലാ സ്ഥാപന മേധാവികൾക്കും**
ജയിലാസ്ഥാന കാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്. - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനത്തിന് അപേക്ഷയോടൊപ്പം 'സംരക്ഷണ സമ്മതമൊഴി' സമർപ്പിക്കണമെന്ന വ്യവസ്ഥ നിലവിൽ സേവനത്തിൽ തുടരുന്ന ജീവനക്കാർക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഉപദേശ-സി) വകുപ്പ്**

സ.ഉ. (കൈ) നം. 11/2024/P& ARD തിരുവനന്തപുരം, തീയതി : 24-06-2024

================================================================

പരാമർശം:- 1) 24.05.1999 ലെ സ.ഉ.( പി) നം.12/99/ പി&എ.ആർ.ഡി

2) 21.02.2018 ലെ സ.ഉ (കൈ) നം.5/2018/ ഉഭപവ

3) 14.7.2023 ലെ സ.ഉ(പി) നം.12/2023/ പി&എ.ആർ.ഡി

4) 9.11.2023 ലെ സ.ഉ (കൈ) നം.21/2023/ പി&എ.ആർ.ഡി

**ഉത്തരവ്**

സംസ്ഥാന സർക്കാർ സർവീസിൽ ജോലി ചെയ്തുവരവെ മരണമടയുന്ന ജീവനക്കാരുടെ മാതാവ്/പിതാവ് ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ മരണപ്പെട്ട ജീവനക്കാരുടെ മാതാവ്/പിതാവ്/ വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും അവിവാഹിതയായ സഹോദരി/ അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതു വരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സംരക്ഷണ സമ്മതമൊഴി കൂടി ആശ്രിത നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചു കൊണ്ട് പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2 മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതരെ സംരക്ഷിക്കാമെന്ന സംരക്ഷണ സമ്മതമൊഴി നൽകി സർക്കാർ സർവ്വീസിൽ പ്രവേശിച്ച ശേഷം ആയത് ലംഘിക്കുന്ന ജീവനക്കാർക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും ടി ജീവനക്കാരുടെ പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിച്ചെടുത്ത് അർഹരായ ആശ്രിതർക്ക് ധനസഹായമായി നൽകുന്നത് സംബന്ധിച്ചും പൊതുവ്യവസ്ഥകൾ രൂപീകരിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. മരണമടഞ്ഞ ജീവനക്കാരുടെ മാതാവ്/ പിതാവ് ഒഴികെയുള്ളവർ ആശ്രിതനിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ അപേക്ഷകർ, ജീവനക്കാരുടെ മാതാവ്/ പിതാവ് /വിധവ/ വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും ടി ജീവനക്കാരുടെ ആശ്രിതരായ മക്കളെയും സഹോദരങ്ങളെയും പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സമ്മതമൊഴി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ് എന്ന് പരാമർശം (2) ഉത്തരവ് ഭേദഗതി വരുത്തിക്കൊണ്ട് പരാമർശം (4) ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

4. എന്നാൽ പ്രസ്തുത ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനു മുൻപ് സർവ്വീസിൽ പ്രവേശിച്ചവരുടെ ആശ്രിതർക്ക് ടി ഉത്തരവുകൾ പ്രകാരമുള്ള പരിരക്ഷ ലഭിക്കുന്നില്ല എന്നുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്കുള്ള ഒരു സാമൂഹ്യക്ഷേമ നടപടി എന്ന നിലയ്ക്കാണ് ആശ്രിത നിയമന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.അതിനാൽ ടി വ്യവസ്ഥ പ്രകാരം കുടുംബത്തിലെ ഒരാളിന് നിയമനം നൽകുന്നതിലൂടെ മറ്റ് ആശ്രിതരുടെ ക്ഷേമം കൂടി ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിനാൽ പരാമർശ ഉത്തരവിലെ വ്യവസ്ഥകൾ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിച്ച എല്ലാ ജീവനക്കാർക്കും ബാധകമാക്കുന്നത് ഉചിതമാണെന്ന് സർക്കാർ മനസ്സിലാക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (2),(3),(4) എന്നീ ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകൾ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിച്ച് സേവനത്തിൽ തുടരുന്ന എല്ലാ ജീവനക്കാർക്കും ബാധകമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ജീവനക്കാർ പരാമർശം (4) ഉത്തരവ് പ്രകാരമുള്ള 'സംരക്ഷണ സമ്മതമൊഴി' ഓഫീസ് മേധാവി മുൻപാകെ സമർപ്പിക്കേണ്ടതും ആയതിന്റെ പകർപ്പ് നിയമനാധികാരി മുഖേന സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും,

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും,

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകപ്പ് (വിപുലമായ പ്രചരണത്തിന്)

വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

നോഡൽ ഓഫീസർ, പി & എ ആർ ഡി(വകപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (www.pard.kerala.gov.in ) പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**
**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

നം.ഉപ.സി.2/226/2020/ഉഭപവ    തിരുവനന്തപുരം, തീയതി : 24-06-2024

**സർക്കുലർ**

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- സർവീസ് സംബന്ധമായ വിഷയങ്ങളിൽ പരിഹാരത്തിനായി സർക്കാർ ജീവനക്കാർ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

നിയമനം /സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ സർക്കാർ ഉൾപ്പെടെയുള്ള അധികാരസ്ഥാനങ്ങൾ പുറപ്പെടുവിയ്ക്കുന്ന ഉത്തരവുകളിൽ പരാതിയുള്ളവർക്ക് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിയ്ക്കാവുന്നതാണ് എന്ന് 1985-ലെ THE ADMINISTRATIVE TRIBUNALS ACT, വകുപ്പ് 19 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ വകുപ്പ് 20 ചുവടെ ചേർക്കും പ്രകാരമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

***20. Applications not to be admitted unless other remedies exhausted*** *:-(1) A Tribunal` shall not ordinarily admit an application unless it is satisfied that the applicant had availed of all the remedies available to him under the relevant service rules as to redressal of grievances.*

*(2) For the purposes of sub-section(1), a person shall be deemed to have availed of all the remedies available to him under the relevant service rules as to redressal of grievances,-*

*(a) If a final order has been made by the Government or other authority or officer or other person competent to pass such order under such rules, rejecting any appeal preferred or representation made by such person in connection with the grievance; or*

*(b) where no final order has been made by the Government or other authority or officer or other person competent to pass such order with regard to the appeal preferred or representation made by such person, if a period of six months from the date on which such appeal was preferred or representation was made had expired.*

ആയത് പ്രകാരം സർക്കാർ/ ക്ഷമതയുള്ള ഒരു അധികാര സ്ഥാനം മുൻപാകെ സമർപ്പിക്കപ്പെടുന്ന അപ്പീൽ/ നിവേദനത്തിന്മേൽ അവ സമർപ്പിച്ച തീയതി മുതൽ ആറ് മാസത്തിനുള്ളിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാതിരിക്കുന്ന സാഹചര്യത്തിൽ മാത്രമേ സങ്കടക്കാരായ വ്യക്തികൾക്ക് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ പരാതി സമർപ്പിക്കുന്നതിന് വ്യവസ്ഥയുള്ളൂ.

മേൽ സാഹചര്യത്തിൽ, സർക്കാർ ജീവനക്കാർ സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ ഭരണപരമായ പരിഹാരമാർഗ്ഗങ്ങൾ വിനിയോഗിച്ച ശേഷം മാത്രമേ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുവാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകുന്നു.

പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർ/ വകുപ്പ് തലവൻമാർ ഉറപ്പാക്കേണ്ടതാണ്.

**പുനീത് കുമാർ ഐ.എ.എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്തു സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്തു സഹിതം)

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ